CSI KARNATAKA CENTRAL DIOCESE

ORDER OF WORSHIP, JUNE 2019

(Environment Sunday)

NURTURING GOD'S CREATION

പ്രാരംഭ പ്രാർത്ഥന:

ഞങ്ങളുടെ സൃഷ്ടാവാം ദൈവമേ, എല്ലാം നല്ലതെന്നുകണ്ട അങ്ങയുടെ സൃഷ്ടി എത്ര വിസ്മയകരം. ഞങ്ങളുടെ പരിപാലകനാം ദൈവമേ, ഞങ്ങളെ പരിപോഷിപ്പിക്കുന്നതിനു അങ്ങ് വളർത്തുന്ന ജീവജാലങ്ങൾ എത്ര കമനീയം. ഞങ്ങളെ വീണ്ടെടുക്കുന്ന ദൈവമേ, അങ്ങയിലുള്ള ഞങ്ങളുടെ വിശ്വാസവും പ്രത്യാശയും ഉറപ്പിക്കുന്നതിനുള്ള അങ്ങയുടെ പ്രവർത്തനങ്ങൾ എത്ര ആശ്ചര്യാവഹം. ഞങ്ങളുടെ മാർഗ്ഗദർശിയായ ദൈവമേ, അങ്ങയെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. **ആമേൻ.**

പ്രാരംഭ കീർത്തനം: 464 ഭൂമിയിൻ ഭംഗിക്കായും

പുരോഹിതൻ: ത്രിത്വനാമത്തിൽ നാം ആരാധന ആരംഭിക്കുമ്പോൾ കർത്താവിനായി ക്ഷമയോടെ കാത്തിരിക്കാം. നമ്മുടെ കർത്താവായ ദൈവം നമ്മിൽ വസിക്കട്ടെ; നമ്മുടെ കർത്താവായ ദൈവം നീതിയും സമാധാനവും നമ്മിൽ സ്ഥാപിക്കട്ടെ; നമ്മുടെ കർത്താവായ ദൈവം സകല സൃഷ്-ടിയിന്മേലും ശാന്തിയും മനോഹാരിതയും കൊണ്ട് നിറക്കട്ടെ. **ആമേൻ.**

നമ്മുടെ കർത്താവു പറഞ്ഞപ്രകാരം ന്യായപ്രമാണത്തിൻറെയും പ്രവാചകന്മാരുടെയും ചുരുക്കം:

നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവാകുന്നു. നിൻറെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കേണ്ടതാകുന്നു. ദൈവത്തിൻറെ കൈവേലയും ദൈവസ്വരൂപവുമായ നിൻറെ അയൽക്കാരനെ നിന്നെപോലെതന്നെ സ്നേഹിക്കേണം.

ജനം: കർത്താവേ , ഞങ്ങളോട് കരുണയുണ്ടായി ഈ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

പത്തു കല്പനകൾ - (പരിസ്ഥിതിയുമായുള്ള ബന്ധത്തിൽ)

ലീഡർ: ഞാൻ നിൻറെ ദൈവമായ കർത്താവാകുന്നു; ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.

ജനം: ദൈവമേ, അങ്ങ് ഞങ്ങളുടെ സ്രഷ്ടാവാകുന്നു, അങ്ങയുടെ സൃഷ്ടിയെ ആരാധിക്കാതിരിക്കാൻ ഞങ്ങളെ സഹായിക്കേണമേ.

ലീഡർ: നീ നിനക്കായി ഒരു വിഗ്രഹം ഉണ്ടാക്കി അതിനെ കുമ്പിടുകയോ ആരാധിക്കുകയോ ചെയ്യരുത്.

ജനം: ദൈവമേ, ഞങ്ങൾ അങ്ങയെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു. അങ്ങേക്കുപകരം മറ്റൊന്നിനെ സ്ഥാപിക്കാതിരിക്കാൻ ഞങ്ങളെ സഹായിക്കേണമേ.

ലീഡർ: നിൻറെ ദൈവമായ കർത്താവിൻറെ നാമം വ്യർഥാ എടുക്കരുത്.

ജനം: സകല വിഭവങ്ങളുടെയും ഉറവിടമായ ദൈവമേ, പ്രകൃതിയുടെ ദാനത്തെ പരിപാലിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.

ലീഡർ: ശബ്ബത്തുനാളിനെ ശുദ്ധമായി ആചരിക്ക.

ജനം: ദൈവമേ അങ്ങ് വിശ്രമിച്ചു ശബ്ബത്തിനെ വിശുദ്ധീകരിച്ചു. ഭൂമിയുടെ യോവേൽക്കാലം ഓർമിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.

ലീഡർ: നിൻറെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

ജനം: ഞങ്ങളുടെ ജനയിതാവായ ദൈവമേ, ഞങ്ങളുടെ പിതൃഭൂമിയെയും മാതൃഭൂമിയെയും ആദരിക്കാൻ ഞങ്ങളെ സഹായിക്കേണമേ.

ലീഡർ: നീ കൊല ചെയ്യരുത്.

ജനം: ജീവൻറെ ഉറവിടമായ ദൈവമേ, സകല സൃഷ്ടിക്കും മാന്യത നൽകുവാൻ ഞങ്ങളെ സഹായിക്കേണമേ.

ലീഡർ: നീ വ്യഭിചാരം ചെയ്യരുത്.

ജനം: ദൈവമേ, ഞങ്ങളുടെ കാര്യവിചാരകത്വം മനസ്സിലാക്കുവാൻ വിശ്വസ്തനായ അങ്ങ് സഹായിക്കേണമേ.

ലീഡർ: നീ മോഷ്ടിക്കരുത്.

ജനം ദൈവമേ ഞങ്ങളുടെ നേട്ടത്തിനായി ഭൂമിയുടെ വിഭവങ്ങൾ കൊള്ളയടിക്കാതിരിക്കാൻ നീതിമാനായ അങ്ങ് ഞങ്ങളെ സഹായിക്കേണമേ.

ലീഡർ: നീ കള്ളസാക്ഷ്യം പറയരുത്.

ജനം: സൃഷ്ടിപ്രക്രിയയിൽ അങ്ങയോടൊപ്പം പങ്കുചേരാനുള്ള വിളിയിൽ സത്യസന്ധരായിരിക്കുവാൻ യജമാനനായ അങ്ങ് ഞങ്ങളെ സഹായിക്കേണമേ.

ലീഡർ: നിൻറെ അയൽക്കാരൻറെ സാധനങ്ങളെയോ വീടിനെയോ ഭാര്യയെയോ അവൻറെ അധീനതയിലുള്ള ഏതിനെയും നീ മോഹിക്കരുത്.

ജനം: ദൈവമേ, അങ്ങയുടെ സ്വത്തിനു അവകാശം പറയാതിരിക്കുവാൻ സത്യസന്ധനായ അങ്ങ് ഞങ്ങളെ സഹായിക്കേണമേ.

സ്തുതി സ്തോത്ര പ്രാർത്ഥന

പുരോ: സ്വർഗ്ഗത്തെ സൃഷ്ടിച്ച ഞങ്ങളുടെ പ്രിയദൈവമേ, വിശാലമായ അങ്ങയുടെ ക്രിയാത്മകമനസും പ്രവർത്തികളുടെ അത്ഭുതകരമായ നടപ്പാക്കലും അനന്തം.

എല്ലാവരും: അങ്ങയുടെ പ്രവർത്തികൾ എത്ര മഹത്തരം കർത്താവേ, അങ്ങയുടെ ചിന്തകൾ അഗാധമായവ.

പുരോ: ഭൂമിയെ സൃഷ്ടിച്ച ഞങ്ങളുടെ പ്രിയദൈവമേ, അങ്ങയുടെ ചിന്താശക്തിയാൽ രൂപകല്പനചെയ്ത വൈവിധ്യവും ഫലപ്രദമായ അനുപാദത്തിലുമുള്ള അങ്ങയുടെ സൃഷ്ടി ആശ്ചര്യകരം.

എല്ലാവരും: അങ്ങയുടെ പ്രവർത്തികൾ എത്ര മഹത്തരം കർത്താവേ, അങ്ങയുടെ ചിന്തകൾ അഗാധമായവ.

പുരോ: ഞങ്ങളുടെ സ്രഷ്ടാവായ പ്രിയദൈവമേ, സൃഷ്ടിയുടെ വീണ്ടെടുപ്പും പ്രത്യക്ഷകൃപയുടെ അടയാളവും അങ്ങയുടെ മഹത്വവും പ്രഭാവവും വെളിപ്പെടുത്തുന്നു.

എല്ലാവരും: അങ്ങയുടെ പ്രവർത്തികൾ എത്ര മഹത്തരം കർത്താവേ, അങ്ങയുടെ ചിന്തകൾ അഗാധമായവ.

പാപസ്വീകാരം

നീതിയുടെയും സമാധാനത്തിൻറെയും ദൈവമേ, ഞങ്ങൾ അങ്ങയുടെ സകല സൃഷ്ടിയുടെയും ഗുണഭോക്താക്കളായി തീർന്നിരിക്കുന്നു. അതേസമയം, സൃഷ്ടിയുടെ കാര്യവിചാരകരായി അങ്ങ് വിളിച്ചിരിക്കുന്ന ഞങ്ങൾ അങ്ങയുടെ സൃഷ്ടിയോടുള്ള ഉത്തരവാദിത്വത്തെക്കുറിച്ചു ബോധമുള്ളവരാകുവാൻ കൃപയും കരുണയും ഞങ്ങളുടെമേൽ വർഷിപ്പിക്കേണമേ. ഞങ്ങളുടെ അശ്രദ്ധയും സ്വയംകൃതപ്രവർത്തികളും ക്ഷമിക്കുവാൻ ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു:

കുഞ്ഞുങ്ങൾ: കർത്താവേ, എൻറെ നിഷ്കളങ്കതയും അജ്ഞതയും നിമിത്തം അങ്ങയുടെ സൃഷ്ടിയെ ഞാൻ സംരക്ഷിക്കാതെ പോയി. ഇലകളും പൂക്കളും പറിച്ചു അവയെ നശിപ്പിക്കുന്നതിനുള്ള പ്രലോഭനമുണ്ടായി. കർത്താവേ എന്നോട് ക്ഷമിക്കേണമേ.

യുവാക്കൾ: കർത്താവേ, ജീവിതം കെട്ടിപ്പടുക്കുന്ന തിരക്കിലായിരുന്ന ഞാൻ അങ്ങയുടെ സൃഷ്ടിയെ സ്നേഹിച്ചില്ല. എൻറെ ലക്ഷ്യത്തിലെത്താൻ ഞാൻ ശ്രദ്ധാലുവായി. അങ്ങയുടെ സൃഷ്ടിയിൽ ഞാൻ ലാഭവും നേട്ടവും മാത്രം കണ്ടു. കർത്താവേ എന്നോട് ക്ഷമിക്കേണമേ.

മുതിർന്നവർ: ഭവനത്തിലും തൊഴിൽമേഖലയിലുമുള്ള ഉത്തരവാദിത്വങ്ങൾ തുലനപ്പെടുത്താനുള്ള ശ്രമകരമായ ജീവിതത്തിനിടയിൽ ഞാൻ അങ്ങയുടെ സൃഷ്ടിയെ ആദരിച്ചില്ല. മത്സരജീവിതത്തിൽ അതിയായി ശ്രദ്ധിച്ചതിനാൽ സൃഷ്ടിയുടെ മേന്മ കാണാൻ പരാജയപ്പെട്ടു. കർത്താവേ എന്നോട് ക്ഷമിക്കേണമേ.

പ്രായമുള്ളവർ: കർത്താവേ, അങ്ങയുടെ സൃഷ്ടിയെ ആദരിക്കാനും അങ്ങയുടെ യശസ് പ്രകീർത്തിക്കാനും എൻറെ ജീവിതഘടനയിൽ സാഹചര്യമുണ്ടായിരുന്നു. ഒരു മകൻ/മകൾ, സഹോദരൻ/സഹോദരി, പിതാവ്/മാതാവ്, മുത്തച്ഛൻ/മുത്തശ്ശി, കൂട്ടുകാരൻ/കൂട്ടുകാരി, പങ്കാളി തുടങ്ങിയ ഉത്തരവാദിത്വങ്ങൾ എൻറെ പരിമിതികൾക്കുള്ളിൽനിന്നും നിറവേറ്റി. എന്നാൽ കാര്യവിചാരകനെന്ന നിലയിൽ അങ്ങയുടെ സൃഷ്ടിക്കായി സമയം നൽകുന്നതിൽ ഞാൻ പരാജയപ്പെട്ടുപോയി. കർത്താവേ എന്നോട് ക്ഷമിക്കേണമേ. (അല്പനേരത്തെ മൗനത്തിനു ശേഷം)

പുരോഹിതൻ: "ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു. അവ തിന്മക്കല്ല, നന്മക്കത്രെ ഉള്ള നിരൂപണങ്ങൾ" എന്ന് യഹോവയുടെ അരുളപ്പാട്. (യിരെ. 29:11).

തൻറെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹ. 3:16).

സൃഷ്ടി ദ്രവത്വത്തിൻറെ ദാസ്യത്തിൽനിന്നും വിടുതലും സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായക്കു കീഴ്പ്പെട്ടിരിക്കുന്നു. (റോമൻ 8:20). (അല്പനേരത്തെ മൗനത്തിനു ശേഷം)

പുരോഹിതൻ: കർത്താവു നൽകിയ ഈ ദേശത്തുനിന്നു ഞങ്ങൾ സമാധാനവും സമൃദ്ധിയും അന്വേഷിക്കുന്നു; ദേശം അനുഗ്രഹിക്കപ്പെട്ടാൽ ഞങ്ങളും അനുഗ്രഹിക്കപ്പെടും. അതിനാൽ ദേശത്തിനായി ഞങ്ങൾ കർത്താവിനോടു പ്രാർത്ഥിക്കുന്നു. **ആമേൻ.**

ഇന്നത്തേക്കുള്ള പ്രത്യേക അപേക്ഷ

സർവശക്തനായ ദൈവമേ, അങ്ങയുടെ സൃഷ്ടിയുടെ നന്മയിൽ ഞങ്ങൾ ആനന്ദിക്കുന്നു. സൃഷ്ടിയിൽ അങ്ങയുടെ മഹത്വവും ഞങ്ങളിലേക്കുള്ള അങ്ങയുടെ വരവും ഞങ്ങളോടുകൂടെയുള്ള ദിവ്യസാന്നിദ്ധ്യത്തിൻറെ അടയാളവും ഞങ്ങൾ ദർശിക്കുന്നു. സൃഷ്ടിയിൽ അങ്ങ് ഞങ്ങൾക്ക് തന്നിട്ടുള്ളതെല്ലാം അങ്ങയുടെ മഹത്വത്തിനായി വിനിയോഗിക്കേണ്ടതാകയാൽ സൃഷ്ടിയുടെ പരിപാലനത്തിൽ ഞങ്ങളെ ഉത്സുകരാക്കണമെന്നു പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന, സൃഷ്ടിയുടെമേൽ സകല അധികാരവും നല്കപ്പെട്ടിരിക്കുന്ന, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

വേദവായന: ഉല്പത്തി: 1:28-31 സങ്കീ:104:1-23

വെളി: 22: 1-5 ലൂക്കൊ: 1:22-31

പ്രത്യേകഗാനം:

പ്രസംഗം:

വിശ്വാസപ്രഖ്യാപനം:

മധ്യസ്ഥ പ്രാർത്ഥന:

കർത്താവായ യേശുവേ, അങ്ങ് ഞങ്ങൾക്കായി മധ്യസ്ഥത വഹിച്ചു; ജീവൻറെ ഘടകങ്ങളിലൂടെ ഉള്ള ഞങ്ങളുടെ പ്രാർത്ഥനാശബ്ദത്തെ ഏകീകരിക്കാൻ സഹായിക്കേണമേ. ജീവഘടകങ്ങൾക്കായും ജീവഘടകങ്ങളിലൂടെയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശബ്ദം 1 കാറ്റ്: കർത്താവേ, അങ്ങയുടെ സൃഷ്ടിയായ ഞാൻ ജീവൻറെ വിത്തുകൾ വളരുന്നതിനായി വഹിക്കുന്നു. എങ്കിലും നാശം വിതച്ച കിഴക്കൻ കാറ്റിനെ ഞാൻ ഓർക്കുന്നു.

പ്രതികരണം: എന്നെ സൃഷ്ടിച്ചതിലുള്ള അങ്ങയുടെ ലക്ഷ്യത്തെക്കുറിച്ചു എനിക്ക് അറിയാവുന്നതുപോലെ മറ്റുള്ളവർ മനസിലാക്കാൻ സഹായിക്കേണമേ.

ശബ്ദം 2 തീയ്: കർത്താവേ, ഞാൻ അങ്ങയുടെ പരിശുദ്ധാത്മാവിനെ പ്രതിനിധീകരിക്കുന്നു. ഞാൻ അങ്ങയിൽനിന്നുള്ള സഹായ വാഗ്ദാനമാണ്. എന്നാൽ ഞാൻ നരകത്തിലെ കെടാത്ത തീയുമായും ബന്ധപ്പെട്ടിരിക്കുന്നു.

പ്രതികരണം: എന്നെ സൃഷ്ടിച്ചതിലുള്ള അങ്ങയുടെ ലക്ഷ്യത്തെക്കുറിച്ചു എനിക്ക് അറിയാവുന്നതുപോലെ മറ്റുള്ളവർ മനസിലാക്കാൻ സഹായിക്കേണമേ.

ശബ്ദം 3 ജലം: കർത്താവേ, ഞാൻ ജീവനോപാധിയുടെ ജീവിക്കുന്ന ഉറവിടമാകുന്നു. യുദ്ധത്തിനും സംഘർഷത്തിനും ഞാൻ കാരണമായിട്ടുണ്ട്.

പ്രതികരണം: എന്നെ സൃഷ്ടിച്ചതിലുള്ള അങ്ങയുടെ ലക്ഷ്യത്തെക്കുറിച്ചു എനിക്ക് അറിയാവുന്നതുപോലെ മറ്റുള്ളവർ മനസിലാക്കാൻ സഹായിക്കേണമേ.

ശബ്ദം 4 ഭൂമി: ഞാൻ ജീവൻ പകർന്നു സർവസൃഷ്ടിയെയും വഹിക്കുന്നു. എങ്കിലും ഇന്ന് ഞാൻ ഒരു അനുഗ്രഹമല്ല, മറിച്ചു, മനുഷ്യരുടെ സ്വത്തായി മാറിയിരിക്കുന്നു.

പ്രതികരണം: എന്നെ സൃഷ്ടിച്ചതിലുള്ള അങ്ങയുടെ ലക്ഷ്യത്തെക്കുറിച്ചു എനിക്ക് അറിയാവുന്നതുപോലെ മറ്റുള്ളവർ മനസിലാക്കാൻ സഹായിക്കേണമേ.

ശബ്ദം 5 ആകാശം: കർത്താവേ, ഞാൻ അങ്ങയുടെ വിശാലതയും ശൂന്യസ്ഥലവും സൂക്ഷിക്കുന്നു. ആകാശത്തുപോലും അതിർത്തി തർക്കങ്ങൾ ഉയർന്നിട്ടുണ്ട്.

പ്രതികരണം: എന്നെ സൃഷ്ടിച്ചതിലുള്ള അങ്ങയുടെ ലക്ഷ്യത്തെക്കുറിച്ചു എനിക്ക് അറിയാവുന്നതുപോലെ മറ്റുള്ളവർ മനസിലാക്കാൻ സഹായിക്കേണമേ.

ആശീർവാദം: ജീവൻറെ ഉറവിടവും ശക്തിയുമായ സർവ്വശക്തനായ ദൈവത്തിൻറെ അനുഗ്രഹം ത്രിത്വനാമത്തിൽ ഏകോപിച്ച നമ്മിൽ ഉണ്ടായിരിക്കുമാറാകട്ടെ. **ആമേൻ.**

അപ്പം നുറുക്കൽ ശുശ്രൂഷ

വിവർത്തനം: സലീല മേബൽ സത്യനാഥ്